## 764

1 വിശ്വസത്താൽ ഞാൻ ക്രൂശിൽ പാതയിൽ
യേശുവിന്റെ കൂടെ യാത്ര ചെയ്കയാം
ശാശ്വതനാട്ടിലെൻ വാഗ്ദത്ത വീട്ടിൽ ഞാൻ
ആശ്വാസഗീതം പാടി പോകയാം-

സ്തോത്രഗീതങ്ങൾ പാടി മോദമായ്
മോക്ഷയാത്ര പോകുന്നു ക്രൂശിൻ പാതയിൽ
ആകുലമേറിലും ഭീരുവായ് തീരാതെ സ്വന്തവീട്ടിൽ പോകയാം

2 കാരിരുൾ മൂടും ഘോരവേളയിൽ കാത്തുകൊള്ളുമെന്നെ
കർത്തൻ ഭദ്രമായ് ക്ഷീണിതനായ് ഞാൻ തീരിലും മാറാതെ
പാണിയാൽ താങ്ങും നല്ല നായകൻ-

3 ഭൗതിക ചിന്താഭാരമാകവേ വിട്ടു നിത്യജീവപാതേ പോകും ഞാൻ
ഇൻപമാണെങ്കിലും തുൻപമാണെങ്കിലും
യേശുവിൽ ചാരി യാത്ര ചെയ്യും ഞാൻ-

4 ഈ ലോകസൗഖ്യം വേ     തെല്ലുമേ വിട്ടുപോന്നതൊന്നും തേടുകില്ലമേൽ
ക്രിസ്തുവിൻ നിന്ദയെൻ ദിവ്യനിക്ഷേപമായ്
എണ്ണി ഞാൻ സീയോൻ യാത്ര ചെയ്തിടും-

5 സ്വർലോകനാട്ടിലെത്തി ഞാനെന്റെ പ്രിയനൊത്തുവാഴും
കാലമോർക്കുമ്പോൾ ഇന്നെഴും ദു:ഖങ്ങളൽപനാൾ മാത്രമാ-
ണെന്നാളും പിന്നെ ഇൻപഭാഗ്യനാൾ-

**C.J.**